പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

| | |
|---|---|
| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം : 1400 | 11.06.2019-ന് മറുപടിക്ക് |

**വൈക്കം - വെച്ചൂർ റോഡ്**

| ചോദ്യം | മറുപടി |
|---|---|
| ശ്രീമതി സി.കെ. ആശ | ശ്രീ.ഇ.ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | വൈക്കം നിയോജകമണ്ഡലത്തിലെ വൈക്കം - വെച്ചൂർ റോഡ് വീതികൂട്ടി പുനർ നിർമ്മിക്കുന്നതിന് ആവശ്യമായ ഭൂമി ഏറ്റെടുക്കുന്നത് സംബന്ധിച്ച് പൊതുമരാമത്ത് വകുപ്പിൽ നിന്നും റിക്വിസിഷൻ ലഭ്യമായിട്ടുണ്ടോ; | (എ) യും (ബി) യും | ഉണ്ട്. വൈക്കം-വെച്ചൂർ റോഡ് വീതി കൂട്ടി പുനർനിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട് 20-08-2016-ലെ സ.ഉ.(സാധാ)നം. 1192/ 2016/പൊ.മ.വ നം. ഉത്തരവ് പ്രകാരം പദ്ധതി നിർവ്വഹണത്തിന് 15 കോടി രൂപ വകയിരുത്തി ഭരണാനുമതി നല്കിയിട്ടുള്ളതാണ്. 2013-ലെ എൽ.എ.ആർ.ആർ. ആക്ട് പ്രകാരമുള്ള റിക്വിസിഷൻ, അലൈൻമെന്റ് സ്കെച്ച് അടക്കം 11-10-2018-ന് അർത്ഥനാധികാരി ജില്ലാ കളക്ടറേറ്റിൽ ലഭ്യമാക്കിയിട്ടുള്ളതാണ്.<br><br>പ്രസ്തുത പ്രോജക്ടിന്റെ അലൈൻമെന്റ് സംബന്ധിച്ച നടപടികൾ അർത്ഥനാധികാരിയിൽ നിക്ഷിപ്തമാണ്. സംയുക്ത പരിശോധന നടത്തി സർവ്വേ നമ്പർ, വിസ്തീർണ്ണം എന്നിവയിൽ കൃത്യത വരുത്തി റിപ്പോർട്ട് അടിയന്തിരമായി സമർപ്പിക്കുന്നതിന് എൽ. എ.ഒ. ക്ക് 25.03.2019-ന് ജില്ലാ കളക്ടർ നിർദ്ദേശം നല്കിയിട്ടുണ്ട്. എന്നാൽ പ്രസ്തുത സ്ഥലങ്ങളുടെ വിസ്തീർണ്ണം കണക്കാക്കുന്നതിന്, മുൻ അളവു സ്കെച്ച് ആവശ്യമാണെന്ന് ലാൻഡ് അക്വിസിഷൻ ഓഫീസർ അറിയിച്ച സാഹചര്യത്തിൽ സർവ്വെ, പുരാവസ്തു എന്നീ വകുപ്പുകളിൽ നിന്നും അളവു സ്കെച്ച് ലഭ്യമാക്കി വിസ്തീർണ്ണം സമർപ്പിക്കുന്നതിന് നിർദ്ദേശം നല്കിയിട്ടുണ്ട്. ആയത് ലഭ്യമാകുന്ന മുറക്ക് സ്ഥലമേറ്റെടുക്കുന്നതിനുള്ള ഭരണാനുമതി പുറപ്പെടുവിച്ച് നിലവിലുള്ള മാനദണ്ഡങ്ങൾക്കനുസരിച്ച് സമയബന്ധിതമായി സ്ഥലമേറ്റെടുക്കൽ നടപടികളുമായി മുന്നോട്ട് പോകുന്നതാണ്. |
| (ബി) | പ്രസ്തുത റോഡിന്റെ ഭൂമി ഏറ്റെടുക്കൽ നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലെന്ന് വ്യക്തമാക്കാമോ? | | |

സെക്ഷൻ ഓഫീസർ